**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5755** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഐസൊലേഷൻ വാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പൂടംകല്ല് താലൂക്കാശുപത്രിയിൽ ഐസൊലേഷൻ വാർഡ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഫൗണ്ടേഷൻ ജോലികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് വേണ്ടി എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നതെന്നും പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്നും വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനേയും നിർമ്മാണ ഏജൻസിയായി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയെയുമാണ് തിരഞ്ഞെടുത്തിരിക്കുന്നത്. പ്രസ്തുത പദ്ധതിയ്ക്കായി 1,75,96,748/- രൂപയാണ് ചിലവ് കണക്കാക്കിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ